**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1949 — 14.08.2017 — ൽ മറുപടിക്ക്

# പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങളോ തടസ്സങ്ങളോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് റേഷൻകാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻ കടകളുടെ പുന:ക്രമീകരണം പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ പരിശോധിക്കുന്നതിന് കൂടുതൽ സമയം വേണ്ടി വരുമെന്നതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കുന്നില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 10, 1 എന്ന രീതിയിൽ ആകെ 11 പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം നഗരസഭയിലെ ഹാജിയാർ പള്ളിയിൽ പുതിയ പൊതുവിതരണ കേന്ദ്രം അനുവദിക്കണമെന്ന അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഹാജിയാർപള്ളിയിൽ പുതിയ റേഷൻകട അനുവദിക്കുന്നതിനായി 13.10.2014-ൽ മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ 03.03.2014-ൽ ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പുതിയ റേഷൻകട അനുവദിക്കുന്നത് സംബന്ധിച്ച് നടന്ന യോഗത്തിൽ റേഷൻവ്യാപാരി ലൈസൻസി കളുടെ മരണത്തെ തുടർന്നുള്ള അനന്തരാവകാശ നിയമനം, വ്യാപാരികളുടെ അനാരോഗ്യം, വാർദ്ധക്യം എന്നീ കാരണങ്ങളാലുള്ള അനന്തരാവകാശ നിയമനം നടത്താമെന്നും പുതിയ റേഷൻകടകൾ തൽക്കാലം അനുവദിക്കേണ്ടതില്ല എന്നും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*